**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** — **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക് മുഖേന ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ റെയിഞ്ച് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അപേക്ഷകന് അർഹമായ നഷ്ടപരിഹാരം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിക്കുന്നതാണ്. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി നഷ്ടം സംഭവിച്ച് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം കാലോചിതമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) | വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് അനുവദിച്ച് വരുന്ന നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ